**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – 2017 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനും 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെയുള്ള കുടിശ്ശിക വിതരണത്തിനുമുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ.ഉ (സാധാ) നം.6136/2017/ധന തിരുവനന്തപുരം തിയതി .03/08/2017

---

സൂചന :- 1. സ ഉ ( പി ) 384/2014/ധന തിയതി 05/09/2014
2. സ ഉ ( എം എസ്) 437/2016/ധന തിയതി 08/11/2016
3. സ ഉ ( എം എസ്) 503/2016/ധന തിയതി 21/12/2016
4. സ ഉ (എം എസ് ) 34/2017/ധന തിയതി 21/01/2017
5. സ ഉ (എം എസ് ) 67/2017/ധന തിയതി 06/02/2017
6. സ ഉ (എം എസ് ) 204/2017/ധന തിയതി 23/03/2017
7. 27/07/2017 തിയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ ഇമെയിൽ സന്ദേശം

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ 2016 ജൂൺ മുതൽ 1000/- രൂപ ആയും 2017 ഏപ്രിൽ മുതൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട് . ഇത്തരത്തിൽ വർദ്ധിപ്പിച്ച പെൻഷൻ ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം ബാങ്ക് അക്കൗണ്ട് വഴിയോ സഹകരണ സംഘങ്ങൾ വഴി നേരിട്ടോ നൽകി വരുന്നു. എന്നാൽ ഇത്തരത്തിൽ നൽകി വന്ന പെൻഷൻ തുകയിൽ ബാങ്ക് അക്കൗണ്ട് നമ്പറിലുള്ള പിശക് നിമിത്തമോ, താമസസ്ഥലം മാറിയതിനാലോ, മറ്റ് കാരണങ്ങളാലോ പെൻഷൻ വാങ്ങാൻ കഴിയാതെ വന്നിട്ടുണ്ട്. ആകയാൽ 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ ഇത്തരത്തിൽ വാങ്ങാൻ കഴിയാത്തവർക്ക് (എന്നാൽ ഇപ്പോഴും ആക്റ്റീവ് ആയതുമായ ഗുണഭോക്താക്കൾക്ക്) കുടിശ്ശിക പെൻഷൻ തുക നൽകുന്നതിലേക്ക് 129,96,50,725/- (നൂറ്റി ഇരുപത്തി ഒൻപത് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് ) രൂപയും 2017 മേയ് മുതൽ ഓഗസ്റ്റ് വരെയുള്ള 4 മാസത്തേക്ക് സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 1952,92,28,300/- (ആയിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി മുന്നൂറ്) രൂപയും ചേർത്ത് ആകെ `20828879025/- (രണ്ടായിരത്തി എൺപത്തി രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുപത്തി അഞ്ച്) രൂപ അനുവദിക്കണമെന്ന് സൂചന (7)പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 2017 മേയ് മുതൽ ഓഗസ്റ്റ് വരെയുള്ള 4 മാസത്തേക്ക് സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായി 1952,92,28,300/- (ആയിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി മുന്നൂറ്) രൂപയും 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെ നൽകിയ പെൻഷൻ വിവിധ കാരണങ്ങളാൽ വാങ്ങാൻ കഴിയാത്തവർക്ക് (എന്നാൽ ഇപ്പോഴും സജീവവുമായ ഗുണഭോക്താക്കൾക്ക്) കുടിശ്ശിക പെൻഷൻ തുക നൽകുന്നതിലേക്ക് 129,96,50,725/- ( നൂറ്റി ഇരുപത്തി ഒൻപത് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച്) രൂപയും ചേർത്ത് 20828879025/- (രണ്ടായിരത്തി എൺപത്തി രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുപത്തി അഞ്ച്) രൂപ അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനിലും 2017 മേയ് മുതൽ ഓഗസ്റ്റ് വരെയുള്ള 4 മാസത്തേക്ക് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. കുടിശ്ശിക സംബന്ധിച്ച ഇനം തിരിച്ചുള്ള വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

3) ബന്ധപ്പെട്ട ശീർഷകങ്ങളിൽ തുക കുറവുണ്ടാകുന്ന പക്ഷം അധിക ധനാനുമതിക്കായുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീടുകളിൽ വിതരണത്തിനാവിശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 79902100000001 ൽ നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

5) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവിശ്യമായ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള എസ് ബി അക്കൗണ്ട് നമ്പർ 67234515304 ൽ നിക്ഷേപിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

6) ഈ ഫണ്ട് പിൻവലിക്കൽ എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ ഐ എ എസ്
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പ്രൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
`തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| 2017 മേയ് മുതൽ 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ തുകയുടെ വിവരങ്ങൾ | | | |
|---|---|---|---|
| | **പെൻഷൻ തരം** | **ശീർഷകം** | **തുക** |
| **മുനിസിപ്പാലിറ്റി** | കർഷക തൊഴിലാളി പെൻഷൻ | 2235-60-192-50-( എൻ പി ) | 187066000 |
| | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-192-48-02( പി ) | 1231904300 |
| | മാനസികമായി /ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2235-02-192-50- ( എൻ പി ) | 181658400 |
| | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2235-60-192-50-( എൻ പി ) | 46119700 |
| | വിധവാപെൻഷൻ | 2235-60-192-50( എൻ പി ) | 677227100 |
| **കോർപ്പറേഷൻ** | കർഷക തൊഴിലാളി പെൻഷൻ | 2235-60-191-50-( എൻ പി ) | 28714400 |
| | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-191-48-02( പി ) | 689281400 |
| | മാനസികമായി /ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2235-02-191-50-( എൻ പി ) | 100359600 |
| | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2235-60-191-50-( എൻ പി ) | 39231500 |
| | വിധവാപെൻഷൻ | 2235-60-191-50- ( എൻ പി ) | 422012800 |
| **ഗ്രാമപഞ്ചായത്ത്** | കർഷക തൊഴിലാളി പെൻഷൻ | 2235-60-198-50-( എൻ പി ) | 1947383900 |
| | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2235-60-198-48-02( പി ) | 8063120400 |
| | മാനസികമായി /ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2235-02-198-50-( എൻ പി ) | 1298643500 |
| | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2235-60-198-50-( എൻ പി ) | 257939000 |
| | വിധവാപെൻഷൻ | 2235-60-198-50-( എൻ പി ) | 4358566300 |
| **ആകെ** | | | **19529228300** |